# Deepika

## 19 August 2018

## Kochi, Flood, Relief Camps,



# രക്ഷ തേടി കൊച്ചി നഗരത്തിലേക്കു പ്രവാഹം

കൊച്ചി: ജില്ലയിലെ പടിഞ്ഞാറൻ മേഖലയിൽനിന്നും പ്രളയം ബാധിച്ച മറ്റു സ്ഥലങ്ങളിൽനിന്നും കൊച്ചി നഗരത്തിലേക്ക് രക്ഷ തേടിയുള്ള ആളുകളുടെ ഒഴുക്കാണ്. നഗരത്തിൽ ഭൂരിഭാഗം സ്കൂളുകളും കോളജുകളും ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിച്ചു തുടങ്ങി. നഗരത്തിൽ 36 ക്യാമ്പുകൾ പ്രവർത്തിക്കുന്നതായാണ് കണക്ക്. 7560 കുടുംബങ്ങളിൽ നിന്നായി 30000 പേർ ക്യാമ്പുകളിലുണ്ട്.

കച്ചേരിപ്പടി സെന്റ് ആൽബർട്സ് കോളജിൽ മാത്രം 2000 പേരാണ് ഉള്ളത്. പിഴല, കടമക്കുടി, കോതാട് പ്രദേശങ്ങളിൽ നിന്ന് എത്തിയവരാണ് ഇവർ. കൊച്ചി നഗരത്തെ നിലവിൽ പ്രളയം ബാധിച്ചിട്ടില്ല. ആലുവ, പറവൂർ, പെരുമ്പാവൂർ തുടങ്ങിയ ഇടങ്ങളിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന ദുരിതാശ്വാസ ക്യാമ്പിലും വെള്ളം കയറിയതിനെത്തുടർന്ന് അവിടെ നിന്നുള്ളവരെ കൂട്ടത്തോടെ നഗരത്തിലെ വിവിധ കേന്ദ്രങ്ങളിലേക്ക് മാറ്റുകയായിരുന്നു.

മഹാരാജാസ് കോളജ്, സെന്റ് ആൽബർട്സ് കോളജ്, സെന്റ് ആൽബർട്സ് സ്കൂൾ, സെന്റ് തെരേസാസ് കോളജ്, സെന്റ് മേരീസ് സ്കൂൾ, കച്ചേരിപ്പടി സെന്റ് ജോസഫ് സ്കൂൾ, സെന്റ് ആന്റണീസ് ഹൈസ്കൂൾ, കടവന്ത്ര കേന്ദ്രീയ വിദ്യാലയം തുടങ്ങി നിരവധി കേന്ദ്രങ്ങളാണ് ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിക്കുന്നത്. വിവിധ സംഘടനകളുടെയും സുമനസുകളുടെയും സഹായത്തോടെ ഇവിടെയുള്ള ആളുകൾക്ക് എല്ലാവിധ സൗകര്യങ്ങളും അധികൃതർ ഒരുക്കിയിട്ടുണ്ട്. ഭക്ഷണം, വസ്ത്രം, വൈദ്യസഹായം തുടങ്ങിയവ നല്ല രീതിയിൽ ലഭ്യമാക്കുന്നു.

സന്നദ്ധ സംഘടനകളും പ്രവർത്തകരും എത്തിക്കുന്ന സാധന സാമഗ്രികൾ ശേഖരിക്കാനുള്ള സംവിധാനങ്ങളും ഇവിടെയുണ്ട്. കോളജിലെയും സ്കൂളിലെയും കുട്ടികളും എൻസിസി, എൻഎസ്എസ് തുടങ്ങിയവയിലെ അംഗങ്ങളും സന്നദ്ധ പ്രവർത്തകരും ക്യാമ്പുകളിൽ നിസ്വാർഥ സേവനങ്ങൾ നൽകുന്നു.

ഇന്നലെ മാത്രം ആയിരത്തിലധികം പേരാണ് നഗരത്തിലെ വിവിധ ക്യാമ്പുകളിലേക്ക് എത്തിയത്. ഇതു കൂടാതെ കോതമംഗലത്ത് 37 ക്യാമ്പുകളിലായി 5892 പേരും, പറവൂരിൽ 171 ക്യാമ്പുകളിലായി 51150 പേരും ഉണ്ട്. കാലടി, ആലുവ, കളമശേരി, മൂവാറ്റുപുഴ, കുന്നത്തുനാട് തുടങ്ങിയ പ്രദേശങ്ങളിലും ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

## കുടിവെള്ള ക്ഷാമം രൂക്ഷം

കൊച്ചി: നഗരത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമാകുന്നു. ആലുവയിൽനിന്നാണ് കൊച്ചി നഗരത്തിലേക്ക് വെള്ളം എത്തിക്കുന്നത്. എന്നാൽ പെരിയാറിൻനിന്ന് വെള്ളം കയറിയതിനെത്തുടർന്ന് നാലു ദിവസമായി ആലുവയിലെ പമ്പ് ഹൗസ് പ്രവർത്തിക്കുന്നില്ല. ആലുവയിൽ നിന്ന് വെള്ളം തമ്മനത്തുള്ള സംഭരണ യൂണിറ്റിൽ എത്തിച്ച് ഇവിടെ നിന്നാണ് വിവിധ ഇടങ്ങളിലേക്ക് വെള്ളം പമ്പു ചെയ്തിരുന്നത്. എന്നാൽ ഇന്നലെയോടെ ഇവിടത്തെ സംഭരണിയിലെ വെള്ളവും തീർന്നു. ഇതോടെ കുടുവെള്ള വിതരണം പൂർണമായും നിലയ്ക്കുകയായിരുന്നു.

നഗരത്തിൽ ദുരിതാശ്വാസ ക്യാമ്പുകളുടെ എണ്ണം വർധിച്ച സാഹചര്യത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. നിലവിൽ മരടിൽ നിന്ന് ടാങ്കറിൽ വെള്ളം എത്തിച്ചു കൊടുക്കുകയാണ്. കുടിവെള്ള ക്ഷാമം നേരിടുന്നവർക്ക് താഴെ പറയുന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. ഫോൺ: 9496033304.